# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 29.08.2025**

### പ്രധാനവാർത്തകൾ

RNUTVPM

1. ജപ്പാൻ സാങ്കേതികവിദ്യയ്ക്കും ഇന്ത്യയുടെ പ്രതിഭയ്ക്കും സാങ്കേതിക വിപ്ലവത്തെ നയിക്കാൻ സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ - ജപ്പാൻ സാമ്പത്തിക ഫോറത്തെ പ്രധാനമന്ത്രി ടോക്കിയോയിൽ അഭിസംബോധന ചെയ്തു.
2. ഇതിഹാസ ഹോക്കി താരം മേജർ ധ്യാൻചന്ദിന്റെ സ്മരണയിൽ ഇന്ന് ദേശീയ കായിക ദിനം. മാനവികതയിലേക്കുള്ള ഏറ്റവും മികച്ച ചുവടുവെപ്പാണ് കായികമേഖലയെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.
3. അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കാൻ കൂടുതൽ നടപടികളുമായി ആരോഗ്യ വകുപ്പ്. രണ്ട് ദിവസത്തെ ക്ലോറിനേഷൻ നടപടികൾ നാളെ ആരംഭിക്കും.
4. ഓളപ്പരപ്പുകളിൽ ആവേശം ഉയർത്തി 71-ാമത് നെഹ്റു ട്രോഫി ജലോത്സവം നാളെ ആലപ്പുഴ പുന്നമട കായലിൽ.
5. സംസ്ഥാനത്ത് പരക്കെ മഴയ്ക്ക് സാധ്യത. എറണാകുളം മുതൽ കാസർഗോഡ് വരെ ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6. ഏഷ്യാ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിന് ഇന്ന് ബിഹാറിലെ രാജ്ഗിറിൽ തുടക്കമാകും.

&&&&&&&&&&&&&&

പ്രധാനമന്ത്രി - ജപ്പാൻ, ചൈന (ഇൻട്രോ)

ജപ്പാന്റെ സാങ്കേതികവിദ്യയ്ക്കും ഇന്ത്യയുടെ പ്രതിഭയ്ക്കും ഈ നൂറ്റാണ്ടിലെ സാങ്കേതിക വിപ്ലവത്തെ നയിക്കാൻ സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ - ജപ്പാൻ സാമ്പത്തിക ഫോറത്തെ ടോക്കിയോയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

ഇന്ത്യയുടെ വികസന യാത്രയിൽ ജപ്പാൻ സുപ്രധാന പങ്കാളിയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. മെട്രോ മുതൽ സ്റ്റാർട്ടപ്പുകൾ വരെ എല്ലാ മേഖലകളിലെയും പങ്കാളിത്തം ഇരുരാജ്യങ്ങളുടേയും പരസ്പര വിശ്വാസത്തിന്റെ പ്രതീകമായി മാറിയിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. രണ്ട് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഓഗസ്റ്റ് 31 ന് ചൈനയിലെത്തും.

RNU TVPM

******************

**ദേശീയ കായിക ദിനം**

ഇന്ന് ദേശീയ കായിക ദിനം. ഇതിഹാസ ഹോക്കി താരം മേജർ ധ്യാൻചന്ദിന്റെ ജന്മദിനമാണ് രാജ്യം കായികദിനമായി ആഘോഷിക്കുന്നത്. 'സമാധാനപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്പോർട്സ്' എന്നതാണ് ഈ വർഷത്തെ പ്രമേയം. ഫിറ്റ് ഇന്ത്യ മിഷൻ ഇന്നുമുതൽ മൂന്ന് ദിവസം രാജ്യവ്യാപക പരിപാടി സംഘടിപ്പിക്കും.

******************

**ജോർജ്ജ് കുര്യൻ - കേരളം**

മാനവികതയിലേക്കുള്ള ഏറ്റവും മികച്ച ചുവടുവപ്പാണ് കായികമേഖലയെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. ദേശീയ കായിക ദിനാചരണം ആലപ്പുഴ ജലകായികപരിശീലന കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമ്പത്തിക മേഖലയിൽ മുന്നേറുന്നതിനൊപ്പം കായികരംഗത്തും ഒന്നാം സ്ഥാനത്തേക്ക് എത്താൻ നമുക്ക് സാധിക്കണം. കായിക താരങ്ങളിൽ നിന്ന് രാജ്യം പ്രതീക്ഷിക്കുന്നത് ഇതാണെന്നും ശ്രീ ജോർജജ് കുര്യൻ പറഞ്ഞു. ശ്രീനഗറിൽ നടന്ന ഖേലോ ഇൻഡ്യ വാട്ടർ സ്പോർട്ട്സ് ഫെസ്റ്റിവല്ലിൽ വിജയിച്ചവരെ ചടങ്ങിൽ ആദരിച്ചു. അതെസമയം, ഉച്ചയ്ക്ക് ശേഷം തൃശൂരിൽ എത്തുന്ന ശ്രീ ജോർജ്ജ് കുര്യൻ PMMSY യുടെ കീഴിൽ ആരംഭിക്കുന്ന സംയോജിത ആധുനിക മത്സ്യ ഗ്രാമം ഉദ്ഘാടനം ചെയ്യും.

******************

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കാൻ കൂടുതൽ നടപടികളുമായി ആരോഗ്യ വകുപ്പ്. രണ്ട് ദിവസത്തെ ക്ലോറിനേഷൻ നടപടികൾ നാളെ ആരംഭിക്കും. ആരോഗ്യ-തദ്ദേശ വകുപ്പുകളും, ഹരിതകേരളം മിഷനും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വീടുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ഫ്ളാറ്റുകൾ തുടങ്ങി എല്ലായിടത്തേയും ജലസംഭരണ ടാങ്കുകൾ വൃത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. അതെസമയം, അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ നിലവിൽ 9 പേരാണ് ചികിൽസയിൽ കഴിയുന്നത്. കിണർ വെള്ളത്തിൽ രോഗാണുവിന്റെ സാന്നിധ്യം കണ്ടത്തിയിട്ടുണ്ട്.

******************

RNU TVPM

## മനുഷ്യ-വന്യജീവി

മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ വർദ്ധിച്ചു വരുന്ന വെല്ലുവിളികളും ആശങ്കകളും പരിഹരിക്കുന്നത് ചർച്ച ചെയ്യാൻ രണ്ട് ദിവസത്തെ സമ്മേളനം നാളെ തിരുവനന്തപുരത്ത് ആരംഭിക്കും. ദേശീയ നിയമ സേവന അതോറിറ്റിയും കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെയും സംയുക്തമായിയാണ് പരിപാടി സംഘടിപ്പിക്കുന്നത്. നിയമസഭാ മന്ദിരത്തിൽ നടക്കുന്ന സമ്മേളനം സുപ്രീം കോടതിയിലെ മുതിർന്ന ജഡ്ജി ജസ്റ്റിസ് സൂര്യകാന്ത് ഉദ്ഘാടനം ചെയ്യും.

******************

## ആകാൻക്ഷ ഹാറ്റ് - നിതി ആയോഗ്

RNU TVPM

നിതി ആയോഗിന്റെ ആസ്പിരേഷണൽ ബ്ലോക്ക് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന 'ആകാൻക്ഷ ഹാറ്റ്' പ്രദർശന-വിപണന മേളയ്ക്ക് ഇന്ന് കാസർകോട് കാഞ്ഞങ്ങാട് തുടക്കമാകും. 'വോക്കൽ ഫോർ ലോക്കൽ' എന്ന ആശയം മുൻനിർത്തി പ്രാദേശിക ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക, സ്ഥിരതയുള്ള ഉപജീവന മാർഗങ്ങൾ സൃഷ്ടിക്കുക, എന്നതാണ് മേളയുടെ ലക്ഷ്യം. കരകൗശല വസ്തുക്കൾ, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, കൈത്തറി സാധനങ്ങൾ, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പ്രാദേശിക ഉൽപ്പന്നങ്ങൾ അമ്പതോളം സ്റ്റാളുകളിലായി അണിനിരക്കും.

******************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ

റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിലേക്ക് ജനങ്ങൾക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഇന്നു കൂടി പങ്കുവയ്ക്കാം. 1800-11-7800 എന്ന ടോൾഫ്രീ നമ്പർ, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവ ഇതിനായി സജ്ജമാക്കിയിട്ടുണ്ട്. പരിപാടിയുടെ 125-ാം പതിപ്പ് മറ്റന്നാൾ രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

*****************

നെഹ്റു ട്രോഫി (ഇൻട്രോ)

71-ാമത് നെഹ്റു ട്രോഫി ജലോത്സവം നാളെ ആലപ്പുഴ പുന്നമട കായലിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവി കുമാർ...**

(വോയിസ്)

*****************

RNUTVPM

മഴ

സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു. എറണാകുളം മുതൽ കാസർഗോഡ് വരെ ഒമ്പത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കാസർഗോഡ് ജില്ലയിൽ അതിശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ, ദേശീയപാത നിർമ്മാണം നടക്കുന്ന വീരമലക്കുന്ന്, ബേവിഞ്ച പ്രദേശങ്ങളിലൂടെ പാസഞ്ചർ വാഹനങ്ങളുടെ ഗതാഗതം ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിരോധിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

*****************

## താമരശ്ശേരി (ഇൻട്രോ)

കനത്ത മഴയെ തുടർന്ന് മണ്ണിടിച്ചിലുണ്ടായ താമരശ്ശേരി ചുരം റോഡിൽ ഇന്ന് രാവിലെ മുതൽ ഭാരം കുറഞ്ഞ ചെറിയ വാഹനങ്ങൾ കടത്തിവിടാൻ തുടങ്ങി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.....**

(വോയിസ്)

******************

## ഡാം - ചുവപ്പ് ജാഗ്രത

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ 9 അണക്കെട്ടുകൾക്ക് ചുവപ്പ് ജാഗ്രത. കക്കി, മാട്ടുപ്പെട്ടി, കല്ലാർകുട്ടി, ഷോളയാർ, പെരിങ്ങൽകുത്ത്, ബാണാസുര സാഗർ, മീങ്കര, വാളയാർ, പോത്തുണ്ടി ഡാമുകളിലാണ് ജാഗ്രത പ്രഖ്യാപിച്ചിരിക്കുന്നത്. ഡാമുകളുടെ പരിസര പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

RNU TVPM

******************

## ആറന്മുള - ചോതി അളവ് (ഇൻട്രോ)

ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ ചോതി അളവ് നടന്നു. 51 പറ നെല്ലാണ് ക്ഷേത്രത്തിലെ ആനക്കൊട്ടിലിൽ അളന്നത്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

******************

## ഏഷ്യാ കപ്പ് ഹോക്കി

പന്ത്രണ്ടാമത് ഏഷ്യാ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിന് ഇന്ന് ബിഹാറിലെ രാജ്ഗിറിൽ തുടക്കമാകും. ആതിഥേയരായ ഇന്ത്യ ഇന്ന് ചൈനയ്ക്കെതിരെ കളത്തിലിറങ്ങും. പുരുഷ ഹോക്കി ഏഷ്യാ കപ്പിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ നേർന്നു.

******************

## ഓപ്പറേഷൻ ആർക്കൻസ്റ്റോൺ

സംസ്ഥാന ജി.എസ്.ടി വകുപ്പ് ഓപ്പറേഷൻ ആർക്കൻസ്റ്റോൺ എന്ന പേരിൽ തൃശ്ശൂരിലെ സ്വർണ്ണാഭരണ ശാലകളിൽ നടത്തിയ പരിശോധനയിൽ 100 കോടിയിൽ അധികം രൂപയുടെ വിറ്റ് വരവ് വെട്ടിപ്പ് കണ്ടെത്തി. ജി.എസ്.ടി ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ 200 ൽ അധികം ഉദ്യോഗസ്ഥർ സംയുക്തമായാണ് പരിശോധനയിൽ പങ്കെടുത്തത്. പരിശോധനയിൽ കണക്കിൽപ്പെടാത്ത 36 കിലോയോളം സ്വർണ്ണം അനധികൃതമായി സൂക്ഷിച്ചിരുന്നതായി കണ്ടെത്തി.

RNU TVPM

******************

## കെ.എസ്.ആർ.ടി.സി.

കെ.എസ്.ആർ.ടി.സിയുടെ ഓണക്കാല സ്പെഷ്യൽ സർവീസുകളിലേക്കുള്ള ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് പുരോഗമിക്കുന്നു. അടുത്ത മാസം 15 വരെയാണ് സ്പെഷ്യൽ സർവീസുകൾ. കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ബംഗളൂരു, മൈസൂർ, ചെന്നൈ എന്നിവിടങ്ങളിലേയ്ക്കും തിരിച്ചുമാണ് പ്രത്യേക അധിക സർവീസുകൾ.

onlineksrtcswift.com വെബ്സൈറ്റ്, ENTE KSRTC മൊബൈൽ ആപ്പ് വഴി ടിക്കറ്റ് ബുക്ക് ചെയ്യാം.

*****************

## സെൻസെക്സ് - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 143 പോയിന്റ് ഉയർന്ന് 80,223 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 46 പോയിന്റ് നേട്ടത്തിൽ 24,546 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില ഉയർന്നു. പവന് 520 രൂപ വർദ്ധിച്ച് 75,760 രൂപയും ഗ്രാമിന് 9,470 രൂപയുമാണ് ഇന്നത്തെ വില.

*

***********

*****************************************

RNU TVPM